# മലബാർ കലാപം ചില വസ്തുതകൾ





കലാപകാരികളുടെ വിചാരണ നടന്ന തിരൂരങ്ങാടി കച്ചേരി

എൻ. ദാമോദരൻ

**മലബാർ ലഹളയുടെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ലഹള നടന്ന പ്രദേശത്ത് ജനിച്ച ലേഖകൻ സ്വന്തം ഓർമയിൽ നിന്നല്ലെങ്കിലും അടുത്തുനിന്നു കേട്ട വർത്തമാനങ്ങളിൽ നിന്ന് ഏതാനും വസ്തുതകൾ അവതരിപ്പിക്കുന്നു.**

**1921**—ലെ മലബാർ ലഹളയുടെ 75—ാം വാർഷികം ആഘോഷിക്കുകയാണല്ലോ മലബാറിൽ. ഈ അവസരത്തിൽ പലരും പല വീക്ഷണകോണിലൂടെ കാര്യങ്ങൾ അവതരിപ്പിക്കുന്നുണ്ട്. മാപ്പിളലഹള, ഖിലാഫത്ത്, കാർഷികലഹള, ഹിന്ദുമുസ്ലിം ലഹള, സ്വാതന്ത്ര്യസമരം എന്നിങ്ങനെ പോകുന്നു അതിന്റെ പട്ടിക. ഓരോരുത്തരും തങ്ങളുടെ ഭാഗം വാശിയോടെ അവതരിപ്പിക്കുന്നുമുണ്ട്. അതിനാൽ അതിശയോക്തി ഒട്ടുംകൂടാതെ കഴിക്കാൻ ശ്രമിച്ചുകൊണ്ട് ഏതാനും വസ്തുതകൾ അവതരിപ്പിക്കുകയാണ്.


ലഹള നടന്ന ഒരു പ്രദേശമാണ് എൻേറത്. അന്നെനിക്ക് രണ്ടര വയസ്സേ പ്രായമുള്ളു. അതിനാൽ സ്വന്തം ഓർമയിൽനിന്ന് ഒന്നും പറയാനാവില്ല. എന്നാൽ നാലഞ്ച് വയസ്സായ കാലംതൊട്ട് ''ഖിലാഫത്ത്'' ലഹളയെന്ന പേരിൽ ധാരാളം സംസാരങ്ങൾ കേൾക്കാനിടയായിട്ടുണ്ട്. ഇന്നും പഴമക്കാരായവർക്ക് അത് ''കിലാപത്ത്'' തന്നെയാണ്. അതിന്റെ കഥകൾ നടുക്കമുണ്ടാക്കുന്നവയായിരുന്നു. മലബാർ ലഹള എന്ന് പറയാറുണ്ടെങ്കിലും, മലബാറിലെ ഏറനാട്, വള്ളുവനാട് താലൂക്കുകളിലും പൊന്നാനി താലൂക്കിന്റെ വടക്കൻ ഭാഗങ്ങളിലുമാണ് ലഹള നടന്നത്. പിൽക്കാലങ്ങളിൽ ഇതിനെപ്പറ്റിയുള്ള വിലയിരുത്തലുകൾ മുഴുവൻ അപൂർണങ്ങളാണ്. കെ. മാധവൻനായരുടെ 'മലബാർ കലാപം', എ.കെ. പിള്ളയുടെ 'കോൺഗ്രസും കേരളവും', സൗമ്യേന്ദ്രനാഥ ടാഗോറിന്റെ 'മലബാറിലെ കാർഷിക ലഹള' എന്നിവയും അവയുടെയെല്ലാം മുന്നോടിയായി എം.എൻ.റോയ് മോസ്കോവിൽവെച്ച് രചിച്ച 'ഇന്ത്യ പരിവർത്തനത്തിൽ' എന്ന ഗ്രന്ഥത്തിലും

ഈ സംഭവം ചുരുക്കി പ്രതിപാദിച്ചിട്ടുണ്ട്. റോയ്‌യുടെ ഗ്രന്ഥത്തിന്റെ റഷ്യൻപതിപ്പ് 1921—ലും ഇംഗ്ലീഷ് പതിപ്പ് 1922—ലും പ്രസിദ്ധീകരിച്ചു. അതിൽ ഇന്ത്യയുടെ സാമൂഹ്യ—രാഷ്ട്രീയ—സാമ്പത്തികവിശകലനത്തിന്റെ ഒരവസരത്തിൽ മലബാറിലെ പാവപ്പെട്ട മുസ്ലിങ്ങൾ തങ്ങളെ ചൂഷണം ചെയ്യുന്ന ഭൂഉടമസമ്പ്രദായത്തിന്നെതിരെ ഉയർത്തിയ കലാപമെന്നാണ് പറഞ്ഞുകാണുന്നത്. ഏതാണ്ട് ഇതേ അഭിപ്രായമാണ് പിൽക്കാലത്ത് എ.കെ. പിള്ളയും സൗമ്യേന്ദ്രനാഥ ടാഗോറും പറഞ്ഞുകാണുന്നതും. കുടിയായ്മപ്രശ്നമാണ് ലഹളയുടെ പ്രേരകശക്തിയെന്നാണ് അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച എം.പി. നാരായണമേനോന്റെ ജീവചരിത്രത്തിലും കാണുന്നത്. പക്ഷേ, ആ ജീവചരിത്രത്തിൽ ഒരു ചരിത്രകാരനില്ല; സ്വന്തം അമ്മാമനേയുള്ളൂ.

നമുക്കിനി ലഹളയുടെ വസ്തുതകളിലേക്കെത്തി നോക്കാം. ഗാന്ധിജിയുടെ നിസ്സഹകരണപ്രസ്ഥാനവും ലോകമുസ്ലിമുകളുടെ ഖിലാഫത്ത് പ്രസ്ഥാനവും തമ്മിൽ ഇന്ത്യയിൽ ഉണ്ടായ സഖ്യത്തെ തുടർന്ന് ഗാന്ധിജിയും മൗലാനാ ഷൗക്കത്തലിയും തങ്ങളുടെ അഖിലേന്ത്യാ പര്യടനത്തിന്റെ ഭാഗമായി മലബാറും സന്ദർശിച്ചു. 1921—ലെ ഒറ്റപ്പാലം കോൺഗ്രസ് സംസ്ഥാന സമ്മേളനത്തിൽ ഇതിന്റെ ഫലമായി ശക്തമായ ഒരു ഹിന്ദു—മുസ്ലിം മൈത്രിയും ബ്രിട്ടീഷ് വിരോധവും ഉടലെടുത്തു. ഒന്നാം ലോക മഹായുദ്ധത്തിൽ ഇസ്ലാമിക രാഷ്ട്രമായ തുർക്കി ജർമൻപക്ഷത്തായിരുന്നു. തന്മൂലം തുർക്കിക്ക് ബ്രിട്ടീഷ് വിരോധം സമ്പാദിക്കേണ്ടി വന്നതിനാൽ തുർക്കിയുടെ ഓട്ടോമൻ സാമ്രാജ്യം ബ്രിട്ടീഷുകാരാൽ ഛിന്നഭിന്നമാക്കപ്പെട്ടു. തുർക്കിയുടെ ഖലീഫ ലോക മുസ്ലിംകളുടെ മുഴുവൻ ഖലീഫയായി പരിഗണിച്ചിരുന്നു. ആ ഖലീഫമാരെ പുറംതള്ളിയ ബ്രിട്ടീഷ് നടപടിയെ ലോക മുസ്ലിംകൾ എതിർത്തു. അതിൽ നിന്നാണ് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അടിത്തറ പാകിയത്. ഇന്ത്യയിൽ ആ പ്രസ്ഥാനത്തിന്റെ വക്താക്കളായി മൗലാനാ മുഹമ്മദലി, മൗലാനാ ഷൗക്കത്തലി തുടങ്ങിയ മുസ്ലിം നേതാക്കന്മാർ രംഗത്ത് വന്നു. ബ്രിട്ടനെതിരായ നിസ്സഹകരണ പ്രസ്ഥാനവുമായി സഹകരിക്കുന്നത് ഉചിതമായി കണ്ട അവർ ഗാന്ധിജിയുമായി സഹകരിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിനും ബ്രിട്ടീഷ് വിരോധമായിരുന്നുവല്ലോ പ്രധാന കൈമുതൽ. ഗാന്ധി—ഷൗക്കത്തലിമാരുടെ മലബാർ പര്യടനവും ഒറ്റപ്പാലം കോൺഗ്രസ്സിലെ ഹിന്ദു—മുസ്ലിം മൈത്രിയും ചിലരെ ഒട്ടേറെ ആവേശഭരിതരാക്കി. തുടർന്നുണ്ടായ ആവേശമാണ് ലഹളയുടെ കാരണങ്ങളിൽ ഒന്ന്. എന്നാൽ ആവേശത്തിനു തിരികൊളുത്തിയവർ ആ പ്രസ്ഥാനത്തെ ഒരു സൃഷ്ട്യുന്മുഖ പ്രസ്ഥാനമാക്കാൻ ശ്രമിച്ചില്ലെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിച്ചു. നിസ്സഹകരണ പ്രസ്ഥാനത്തേക്കാളധികം ഖിലാഫത്ത് പ്രസ്ഥാനം മുസ്ലിംകളെ ആകർഷിച്ചു. നിസ്സഹകരണ പ്രസ്ഥാനക്കാർക്ക് ഖിലാഫത്ത് പ്രസ്ഥാനക്കാരെ നേർവഴിക്ക് നയിക്കാൻ കഴിഞ്ഞില്ല. അങ്ങനെ അതൊരു ദുരന്തമായി കലാശിച്ചു.

മനുഷ്യൻ നടത്തുന്ന എല്ലാ സമരത്തിലും പ്രവർത്തനത്തിലും സ്വാതന്ത്ര്യത്തിന്റെ അബോധമായ ഒരു ഘടകമുണ്ട്. അതിൽ കവിഞ്ഞ സ്വാതന്ത്ര്യാഭിനിവേശമോ ആശയമോ ലഹളയിൽ പങ്കെടുത്ത ബഹുഭൂരിപക്ഷത്തിനും ഉണ്ടായിരുന്നതായി തോന്നുന്നില്ല. എന്നാൽ നല്ലൊരു വിഭാഗം പാട്ടക്കുടിയാന്മാർ തങ്ങൾക്കെതിരെ നടത്തിക്കൊണ്ടിരുന്ന ചൂഷണത്തിനും നീതിരഹിതമായ കുടിയൊഴിപ്പിക്കലിനും ജന്മിയുടെ മേൽചാർത്തവകാശം ഉപയോഗിച്ച് തങ്ങളുടെ കൈവശഭൂമി മറ്റൊരാൾക്ക് കൂടുതൽ മിച്ചവാരം കിട്ടുമെന്ന കാരണം കൊണ്ട് ചാർത്തിക്കൊടുക്കാനുള്ള പ്രവണതയും ജന്മിക്കുണ്ടായിരുന്നു. മേൽചാർത്തവകാശത്തിന് ഗവണ്മെന്റിന്റെ നിയമപ്രാബല്യവുമുണ്ടായിരുന്നു. ഇത് മുസ്ലിം പാട്ടക്കുടിയാന്മാരിൽ അന്നും അതിനുമുൻപും കലാപമുണ്ടാക്കാൻ കാരണമായി. 1921—ലെ ലഹളയ്ക്ക് മുൻപ് ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിൽ 54—ൽ പരം ലഹളകൾ നടന്നതായി കെ. മാധവൻ നായരുടെ 'മലബാർ കലാപ'ത്തിൽ പറയുന്നുണ്ട്. ആ കാലത്ത് ഇന്ത്യയൊട്ടുക്കും, അസംതൃപ്തരായ, പാടത്തും പറമ്പിലും അധ്വാനിക്കുന്ന കർഷകജനത കലാപക്കൊടി ഉയർത്തിയിട്ടുണ്ട്.

1936—ലെ മദിരാശി നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് കാലത്ത് ജന്മികൾക്ക് മാത്രമായി ഒരു നിയോജകമണ്ഡലം സംവരണം ചെയ്തിരുന്നു. ആ സംവരണ നിയോജകമണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർഥി മട്ടനൂർ മധുസൂദനൻ തങ്ങളായിരുന്നു. അന്ന് ജന്മിനിയോജകമണ്ഡലത്തിലെ വോട്ടർമാരുടെ ഒരു ലിസ്റ്റ് ഇതെഴുതുന്ന ആൾ കണ്ടിട്ടുണ്ട്. 360—ൽപരം ജന്മിമാരായിരുന്നു മലബാറിൽ വോട്ടവകാശമുള്ളവർ. അതിൽ ബഹുഭൂരിപക്ഷവും ഏറനാട്, വള്ളുവനാട്, പൊന്നാനിയിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലെ ഹിന്ദുക്കളായിരുന്നു. ഈ അവസ്ഥ, സ്വാഭാവികമായും മുസ്ലിം കുടിയാൻ ഹിന്ദുജന്മിക്കെതിരായി നടത്തുന്നസമരവും പ്രക്ഷോഭവും, ഹിന്ദു—മുസ്ലിം കലഹമെന്ന അപവാദത്തിന് കാരണമായി. ആ വ്യാഖ്യാനമാണ് ഹിന്ദുക്കൾക്കെതിരായ മുസ്ലിം കലാപമായി ചിലർ ചിത്രീകരിക്കുന്നത്. കൂട്ടത്തിൽ ഖിലാഫത്തിൽ മാത്രം കണ്ണുനട്ട് നടക്കുന്ന ചില അവിവേകികൾ ഹിന്ദുക്കളെ ദ്രോഹിച്ചിട്ടുമുണ്ടാവാം. പക്ഷേ, ഏത് നിലയിലും അതൊരു ഹിന്ദു മുസ്ലിം സംഘട്ടനമായിരുന്നില്ല, എന്നുമാത്രമല്ല, ഒരു സംഘട്ടനത്തിനിടവരുത്താതെ ഹിന്ദുജനസാമാന്യം മറ്റിടങ്ങളിലേക്ക് മാറിത്താമസിക്കുകയും ഓടിപ്പോവുകയും ചെയ്തിരുന്നു. എന്റെ കുടുംബം അന്ന് ആറുമാസം കോഴിക്കോട്ട് പോയി താമസിക്കുകയുണ്ടായി. ഈ പ്രദേശം ലഹള നടന്നതും രണ്ട് കൊല നടന്നതുമായ സ്ഥലമാണ്. പൊന്നുംപള്ളിയാലിൽ കണാരൻനായരും പോലീസ് സിൽബന്ധി



കോരങ്ങത്ത് പള്ളി: വാഗൺ ട്രാജഡിയിൽ മരിച്ചവരെ ഖബറടക്കിയത് ഇവിടെ

യായ ഒരു കരുവാൻ ചെറുപ്പക്കാരനും. വളാഞ്ചേരിയിലെ ഒരു ഭേദപ്പെട്ട തറവാടായിരുന്നു കണാരൻനായരുടേത്. കാട്ടിപ്പരുത്തി പ്രദേശം ഓട്ടുപാത്ര വ്യവസായത്തിൽ (കുടിൽ വ്യവസായം) മുൻപന്തിയിലായിരുന്നു. ഓട്ടുപാത്ര നിർമാതാക്കളായ 'കമ്മാള'ന്മാർ ഈ പ്രദേശത്ത് ധാരാളമുണ്ട്. അവരുടെ നിർമിതികൾ വടക്കേമലബാറിലും തമിഴ്നാട്ടിലും കൊണ്ടുപോയി വില്പന നടത്തിയിരുന്നത് ഇവിടുത്തെ പാവപ്പെട്ട മുസ്ലിംകളായിരുന്നു. അവർക്ക് ധനസഹായം ചെയ്തിരുന്നത് കണാരൻ നായരായിരുന്നു. ഇവർക്ക് പലപ്പോഴും വാങ്ങിയ കടംവീട്ടാനാവാതെ തങ്ങളുടെ സ്വർണവും വെള്ളിയുമെല്ലാം പണയപ്പെടുത്തേണ്ടിവന്നു. അങ്ങനെ ഒരാഭരണശേഖരം അദ്ദേഹം കൈവശംവെച്ചിരുന്നു. കണാരൻനായർ ചങ്ങമ്പള്ളി മമ്മുഗുരുക്കളുടെ സമകാലീനനും ആയുധാഭ്യാസിയുമായിരുന്നു. ഈ ആഭരണശേഖരവും തങ്ങളോടുള്ള വിട്ടുവീഴ്ചയില്ലാത്ത പെരുമാറ്റവും ആ വീട് ആക്രമിച്ച് കൊള്ളയടിക്കാൻ മുസ്ലിം കലാപകാരികൾക്ക് പ്രേരണ നല്കി. ആ ഏറ്റുമുട്ടലിലാണ് അദ്ദേഹം കൊലചെയ്യപ്പെട്ടത്. ഈ പ്രശ്നം തികച്ചും സാമ്പത്തികമായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. മറ്റു സമ്പന്ന കുടുംബം ഇവിടങ്ങളിൽ പലതുമുണ്ടായിരുന്നെങ്കിലും അവയൊന്നും കൊള്ളയടിക്കപ്പെട്ടിട്ടില്ല. മഞ്ചേരി കോവിലകം കൊള്ളചെയ്തപ്പോൾ അവിടെയുണ്ടായിരുന്ന പൂജാരിയുടെ ഭാര്യയ്ക്ക് ധനസഹായം ചെയ്താണത്രെ ലഹളക്കാർ അവരെ പറഞ്ഞ് വിട്ടത് എന്ന് എ.കെ. പിള്ളയുടെ ''കോൺഗ്രസ്സും കേരളവും'' എന്ന ഗ്രന്ഥത്തിൽ പറയുന്നു. ഇത്തരം സംഭവങ്ങൾ ലഹള കാർഷിക സാമ്പത്തിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് തീർത്തും തെളിയിക്കുന്നു.

ഞാനാദ്യം പ്രസ്താവിച്ചപോലെ മലബാർ ലഹള നാം പരിഗണിച്ചുവരുന്ന അർഥത്തിലുള്ള ഒരു സ്വാതന്ത്ര്യസമരമെന്ന് പറഞ്ഞുകൂടാ. ഒന്നാമത് ലഹളയിൽ പങ്കെടുത്ത് ജയിൽവാസം വരിച്ച ഏതാണ്ട് ഒരു ഡസനോളം ആളുകളെ ഈ ലേഖകന് നേരിട്ടറിയാം. അവർക്കൊന്നും സ്വതന്ത്ര്യാശയത്തിന്റെ തരിപോലും ഉണ്ടായിരുന്നില്ല; എന്നാൽ ഖിലാഫത്ത് അവരെ ആകർഷിച്ചു — അബോധമായിത്തന്നെ. ഞങ്ങളുമായി അടുത്ത സമ്പർക്കവും സ്നേഹവും ഉണ്ടായിരുന്ന അയൽക്കാരനായ ഒരു മുസ്ലിം ലഹളയിൽ പങ്കെടുത്ത് ജയിൽവാസം വരിച്ചിരുന്നു. അദ്ദേഹത്തിന് കേരള ഗവണ്മെന്റിന്റെ സ്വാതന്ത്ര്യസമര പെൻഷൻ കിട്ടിയപ്പോൾ സന്തോഷപൂർവം എന്നോടു പറഞ്ഞു ''കുട്ട്യേ എനിക്കും പെൻഷൻകിട്ടി''. ഞാൻ തമാശയായി ചോദിച്ചു. ''കുളിച്ചുവരുന്ന എന്റെ അമ്മയോട് ആയുധമേന്തി ഓടാൻ പറഞ്ഞതിനുള്ള പ്രതിഫലമാണല്ലെ?'' ഞങ്ങൾ രണ്ടുപേരും ചിരിച്ചു. അദ്ദേഹം പറഞ്ഞു ''അത് അന്നത്തെ ഒരു ഹാല്...'' എന്നാൽ ഈ മനുഷ്യന്നും ഞാനറിയുന്ന മറ്റ് പലർക്കും ഖിലാഫത്തിനെപ്പറ്റിയല്ലാതെ സ്വാതന്ത്ര്യസമരത്തെപ്പറ്റിയോ നിസ്സഹകരണ പ്രസ്ഥാനത്തെപ്പറ്റിയോ ഒന്നും അറിയില്ലായിരുന്നു. സ്വാതന്ത്ര്യാശയമില്ലാത്ത സ്വാതന്ത്ര്യസമരം വെറും ഒരു വാദം മാത്രമാണ്. സ്വാതന്ത്ര്യാശയമുള്ള അല്പം ചിലർ ഉണ്ടായിട്ടുണ്ടാവാം. കാർഷിക സംബന്ധിയായ യാതനകളും ഖിലാഫത്തിന്റെ അവ്യക്തമായ സ്വാധീനവും സ്വാതന്ത്ര്യവാഞ്ഛയെക്കാളുപരി ലഹളയിൽ പ്രകടമായിരുന്നു. അഹിംസാവ്രതക്കാരായ നിസ്സഹകരണ വാദികൾക്ക് തങ്ങൾ കൊളുത്തിയ തിരി, അഹിംസാത്മകമായ ഒരു പ്രസ്ഥാനമായോ ഹിംസാത്മകമായ ഒരു വിപ്ലവമായോ ജ്വലിപ്പിക്കാൻ കഴിഞ്ഞില്ല. ചൗരിചൗരയിലും ചച്ചരാന്നിലും അതുപോലെ ഐക്യസംസ്ഥാനത്തിന്റെ പലയിടങ്ങളിലുമുണ്ടായ കർഷകമുന്നേറ്റങ്ങളെ സൃഷ്ട്യുന്മുഖമായ ഒരു വഴിക്ക് തിരിച്ചുവിടാൻ കോൺഗ്രസ്സിന്നു സാധ്യമായില്ല. അഹിംസയുടെ പേരിൽ അവയെല്ലാം നിരാകരിക്കുകയാണ് കോൺഗ്രസ് ചെയ്തത്!

മലബാറിലെ മാപ്പിള കലാപങ്ങൾക്കുള്ള പ്രധാന കാരണം ഇവിടെ നിലനിന്നു പോന്നിരുന്ന ജന്മികുടിയാൻ വ്യവസ്ഥയുടെ അപാകതകളായി മലബാർ കലക്ടറായിരുന്ന ലോഗൻ സായ്‌വ് തന്റെ മദ്രാസ് ഗവണ്മെന്റിനയച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചതായി അദ്ദേഹത്തിന്റെ 'മലബാർ മാന്വൽ' എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നു. 'പൊളിച്ചെഴുത്തവകാശവും', 'മേൽചാർത്തവകാശവും' 1929—ലെ മലബാർ കുടിയാന്മനിയമം വരുന്നതുവരെ ശക്തമായിത്തന്നെ നിലനിന്നിരുന്നു. വൈരാഗ്യം തീർക്കാനും അധികവരുമാനമുണ്ടാക്കാനും ഇത് ജന്മിമാർ ഉപയോഗപ്പെടുത്തി. സാമൂതിരി രാജസ്വരൂപവും ഇന്ത്യയിലെ ബ്രിട്ടീഷ് ഗവണ്മെന്റും തമ്മിലുണ്ടായിരുന്ന ഒരു കരാറാണത്രെ ഇതിന്നാസ്പദം. ടിപ്പുസുൽത്താന്റെ രണ്ടാം പടയോട്ടക്കാലത്ത് മതപരിവർത്തനം ചെയ്ത മുസ്ലിം പ്രമാണിമാരിൽനിന്ന് ഭൂമി ആദ്യജന്മിക്ക് മേൽചാർത്ത് പ്രകാരം ഉടമാവകാശം തിരിച്ചുപിടിക്കാനുള്ള ഒരു നിയമോപാധിയായിരുന്നുവത്രെ ഇത്.

ചുരുക്കത്തിൽ മലബാർ കലാപം ഒരു ഹിന്ദു—മുസ്ലിം ലഹളയോ ശരിയായ അർഥത്തിലുള്ള ഒരു സ്വാതന്ത്ര്യസമരമോ ആയിരുന്നുവെന്ന് പറഞ്ഞുകൂടാ. ഖിലാഫത്തും നിസ്സഹകരണ പ്രസ്ഥാനവും ഒന്നിച്ചു ചേർന്നപ്പോഴുണ്ടായ ആവേശത്തിൽ വിദ്യാഭ്യാസമോ പക്വതയോ ഇല്ലാത്ത മുസ്ലിംജനവിഭാഗം തങ്ങളുടെ ദുരിതങ്ങൾക്കറുതിവരുത്താനുള്ള അവസരമായി കണക്കാക്കി സമരസന്നദ്ധരായപ്പോൾ അവരെ നയിക്കാനും നിയന്ത്രിക്കാനും ഒരു ശക്തിയായ നേതൃത്വമില്ലാതെ പോയി. ഗവണ്മെന്റ് സ്വാഭാവികമായും ജന്മിഭാഗം നിലകൊണ്ടു. ഹിന്ദു ജന്മിമാർക്കും ജന്മിത്വത്തിനും എതിരായതുകൊണ്ടും വർഗസമര സിദ്ധാന്തത്തിനൊന്നും പ്രചാരമില്ലാത്തതിനാലും അക്കാലത്ത് ഹിന്ദുക്കൾക്കെതിരാണെന്ന് വ്യാഖ്യാനിച്ചു. ഭരണകൂടവും ആ അവസരം ഹിന്ദുസംരക്ഷണം ഏറ്റെടുത്ത മട്ടിൽ ലഹളയൊതുക്കാൻ ക്രൂരമായ നടപടികൾ സ്വീകരിച്ചു. ലഹള പരക്കുകയും ഭരണത്തിന്റെ മർദനമുറകൾ ശക്തിപ്പെടുകയും ചെയ്തപ്പോൾ കൂറുമാറിയ ചില നിസ്സഹകരണക്കാരേയും ലഹളക്കാർ വെറുതെവിട്ടില്ല. അങ്ങനെ ലഹള ഭയന്ന് ഹിന്ദുക്കളും മർദനം ഭയന്ന് മുസ്ലിംകളും ഭിന്നിക്കുകയും തീരാനഷ്ടത്തിൽ അകപ്പെടുകയും ചെയ്തു. 1936—ൽ ഒരു വയോധികൻ ഒരിക്കൽ കോൺഗ്രസ് മെമ്പർഷിപ്പെടുക്കാൻ ചെന്ന അവസരത്തിൽ അദ്ദേഹം പറഞ്ഞ വാക്കുകൾ ഓർത്തുപോവുകയാണ്. ''കുട്ട്യേ, ഒരിക്കൽ നിങ്ങൾ ഞങ്ങളെ പറ്റിച്ചു; ഇനിയതുവേണ്ട...''